"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - കേരള സർക്കാരിന്റെ രണ്ടാം വാർഷികം - 100 ദിന കർമ്മ പരിപാടി - രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസ് കെട്ടിടങ്ങളുടെ ഉദ്ഘാടനം - ഓൺലൈൻ സാങ്കേതിക സഹായങ്ങൾക്കുള്ള തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1087/2024/TAXES തീയതി,തിരുവനന്തപുരം, 07-12-2024

പരാമർശം:- രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 11.05.2023,25.07.2023, 19.02.2024-ലെ IGR/1744/2020-Fin3 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകളുടെ ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള സാങ്കേതിക സഹായങ്ങൾക്കും, സ്റ്റേജ്/മറ്റ് അനുബന്ധചെലവുകൾക്കും ചെലവായ തുക അനുവദിക്കുന്നതിനായി പരാമർശ കത്തുകൾ പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിലെ ചുവടെ പറയുന്ന ഓഫീസുകളുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് ചെലവായ 17,49,496/-രൂപ (പതിനേഴ് ലക്ഷത്തി നാല്പത്തൊമ്പതിനായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം ) 2030-03-001-96-05-4 എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| വർക്കല | **25,310/-** രൂപ |
| മട്ടന്നൂർ | **47,295/-** രൂപ |
| കോഴിക്കോട് രജിസ്ട്രേഷൻ കോംപ്ലക്സ് | **54,151/-** രൂപ |
| അഴിയൂർ | **24,985/-** രൂപ |
| തിരുവല്ലൂർ | **29,225/-** രൂപ |
| കൊടയ്ക്കൽ | **71,542/-** രൂപ |
| | |

| | |
|---|---|
| തൃപ്രയാർ | 68,222/- രൂപ |
| കടുത്തുരുത്തി | 1,34,011/- രൂപ |
| സി ഡിറ്റ് [ഉദ്ഘാടന ചടങ്ങിന് സാങ്കേതിക സഹായം] | 12,94,755/-രൂപ |
| **ആകെ** | **17,49,496/-രൂപ** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 23.11.2024-ലെ Exp- B1/290/2023-Finനം കുറിപ്പ് പ്രകാരം )

വെബ് ആൻഡ് ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി )

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Praneesh M P

Date: 07-12-2024 12:14:33